**<u>തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് സുരക്ഷാക്രമീകരണങ്ങളായി.</u>**

ആലുവ : തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ്.ഐ.പി.എസ് ൻെറ നേതൃത്വത്തിൽ പള്ളിയിലും പരിസരത്തും വിപുലമായ സുരക്ഷാക്രമീകരണങ്ങൾ ഒരുക്കി.

ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് ഇരു വിഭാഗത്തിനും പ്രാർത്ഥനയ്ക്കായി പ്രത്യേകം സമയ ക്രമങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മെറ്റൽ ഡിറ്റക്റ്റർ ഉപയോഗിച്ച് പരിശോധിച്ചതിനു ശേഷം പത്തുപേർ വീതമുള്ള ചെറു സംഘങ്ങളായാണ് വിശ്വാസികളെ സെമിനാരിയിൽ പ്രവേശിപ്പിക്കുന്നത്. അഞ്ച് ഡി.വൈ.എസ്.പി മാർ, പത്ത് സി.ഐ മാർ, അൻപതോളം എസ്.ഐ മാർ,നാനൂറ്റി അമ്പത് പോലീസുകാർ, നൂറോളം വനിതാ പോലീസുകാർ എന്നിവരെ കൂടാതെ മഫ്തിയിലും ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

ഓർമപ്പെരുന്നാൾ സമാധാനപരമായി നടക്കുന്നതിന് വേണ്ടി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങളുമായി വിശ്വാസികൾ സഹകരിക്കണമെന്ന് ജില്ലാ പോലീസ് മേധാവി അഭ്യർത്ഥിച്ചു.